"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതു വിതരണ വകുപ്പ്-വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി-മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്നു

---

**ഭക്ഷ്യ പൊതു വിതരണ (ഡി) വകുപ്പ്**

G.O.(Rt)No.221/2025/F&CS തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:- 1. 13.10.2020-ലെ G O (Rt) No. 310/2020/FCSD.

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 20.05.2025 ലെ CCS/3102/2023-A10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സുഭിക്ഷ ഹോട്ടലുകൾക്ക് അനുവദിക്കുന്ന പ്രാരംഭചെലവിനത്തിലും ആവർത്തനചെലവിനത്തിലും അനുവദിക്കുന്ന തുകകൾക്ക് പ്രതിമാസ പരിധി നിശ്ചയിക്കുന്നതിനും ജനകീയ ഹോട്ടലുകളിലേതു പോലെ സുഭിക്ഷ ഹോട്ടലുകളിലും ഊണിന് 30 രൂപയായി നിശ്ചയിക്കുന്നതിനും പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ശുപാർശ നല്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. ഓരോ ജില്ലയിലും ഒന്നിലധികം സ്ഥലങ്ങളിൽ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ലഭിക്കുന്ന സാഹചര്യത്തിൽ ജില്ലകൾക്ക് പ്രാരംഭ ചെലവിനായി ഓരോ ഹോട്ടലിനും 7 ലക്ഷം രൂപ വരെ പരമാവധി അനുവദിക്കേണ്ടതാണ്.
2. ഹോട്ടലുകളുടെ തുടർ നടത്തിപ്പിനായി ആവർത്തന ചെലവിനത്തിൽ അനുവദിക്കുന്ന ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം എന്നിവക്ക് ദ്വൈമാസ ചെലവായി യഥാക്രമം Rs.2000/, Rs.600/- എന്ന് നിജപ്പെടുത്തേണ്ടതാണ്.
3. ഹോട്ടലുകളിലെ ഉച്ചഭക്ഷണത്തിന്റെ നിരക്ക് 30/- രൂപയായി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ROYCHEN THOMAS
JOINT SECRETARY

കമ്മീഷണർ, പൊതു വിതരണ ഉപഭോക്തൃ കാര്യ, വകുപ്പ്.
ചെയർമാൻ//മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും (പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ//കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
K R Remya
Date: 30-06-2025 15:07:53

സെക്ഷൻ ഓഫീസർ